# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ. (P12)1544/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/11/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(P12)1544/2023 തീയ്യതി: 23/11/2023

## തൃശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 05-09-2023 | 12-09-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-09-2023 | 12-09-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ജയകൃഷ്ണൻ എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ പി.ബി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിവ്യ എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.രേഖ ഈ.സി,ഓഡിറ്റർ
ശ്രീ.സിജോ തോമസ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| തങ്കമ്മ.വി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ആൽഫ്രഡ് സോജൻ | സെക്രട്ടറി | 01-04-2022 | 11-09-2022 |
| ബേബി വത്സല | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-09-2022 | 03-11-2022 |
| റഹീന എ. എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-11-2022 | 06-11-2022 |
| രജിനി കെ. എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-11-2022 | 22-11-2022 |
| ബേബി വത്സല | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-11-2022 | 11-12-2022 |
| ആൽഫ്രഡ് സോജൻ | സെക്രട്ടറി | 12-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബേബി വത്സല.സി.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| സോണി വിൻസെന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ LID&EW | 01-04-2022 | 31-03-2023 |
| ദിപിൻ.എം.എൻ | കൃഷി ഓഫീസർ | 01-04-2022 | 08-08-2022 |
| തോമസ്.ടി.ടി | കൃഷി ഓഫീസർ | 09-08-2022 | 12-10-2022 |
| ദിപിൻ.എം.എൻ | കൃഷി ഓഫീസർ | 13-10-2022 | 31-03-2023 |
| ഡോ.സുനിൽകുമാർ.പി.കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 05-05-2022 |
| ഡോ.ബിനി.കെ.ദോപിനാഥ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 06-05-2022 | 20-09-2022 |
| ഡോ.ദിവ്യ.കെ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 21-09-2022 | 31-03-2023 |
| ഡോ.നിനു രാജു തോട്ടാൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ ) | 01-04-2022 | 31-03-2023 |
| ഡോ.ഷീജ മോനോൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 21-06-2022 |
| ഡോ. ജിഷ ജെയ്ക്കബ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 22-06-2022 | 31-03-2023 |
| ഡോ.രാജേഷ്.എം.ബി. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| എം.എൻ.ബർജിലാൽ | പ്രധാന അദ്ധ്യാപകൻ | 01-04-2022 | 31-03-2023 |
| രാകേഷ്.എ. | വി.ഇ.ഒ. കിള്ളിമംഗലം സർക്കിൾ | 01-04-2022 | 20-09-2022 |
| രഞ്ജിത്ത് റാഫേൽ | വി.ഇ.ഒ. കിള്ളിമംഗലം സർക്കിൾ | 21-09-2022 | 31-03-2023 |
| നൗഷാദ്.പി. | വി.ഇ.ഒ. പൈങ്കുളം സർക്കിൾ | 01-04-2022 | 21-04-2022 |
| രഞ്ജിത്ത് റാഫേൽ | വി.ഇ.ഒ. പൈങ്കുളം സർക്കിൾ | 22-04-2022 | 31-03-2023 |
| പ്രീനു പ്രസാദ് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 08-04-2022 |
| സിജി.എസ്. | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 09-04-2022 | 02-08-2022 |
| പ്രീനു പ്രസാദ് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 03-08-2022 | 26-08-2022 |
| രതി.ആർ.മേനോൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 27-08-2022 | 10-02-2023 |
| സൗമ്യ.എം.എസ്. | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 11-02-2023 | 31-03-2023 |
| ഗിനിക.പി.ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-05-2022 |
| അനൂപ്.പി.എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2022 | 31-07-2022 |
| അനില.പി.ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2022 | 26-11-2022 |
| ജിഷ.കെ.ജി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-11-2022 | 31-03-2023 |
| ഷിബുകുമാർ.പി.കെ. | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | AIMS ലൂടെ സമർപ്പിച്ച വാർഷികകണക്ക്പത്രികകളിൽ ട്രയൽബാലൻസിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ILGMS ലെ ലെഡ്ജർ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഒരു വർഷത്തോളം കാലമായി ബാങ്കിൽ സമർപ്പിച്ചിട്ടും പണമാക്കി മാറ്റാനാകാതെ (Cheque Deposited But Not Cleared) നിലനിൽക്കുന്നു | 1-1-4 |
| 6 | വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വസ്തു നികുതി തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | വസ്തു നികുതി കുടിശ്ശിക നോൺ- റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല. | 1-1-10 |
| 12 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. | 1-1-12 |
| 14 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-13 |
| 15 | ഡിമാൻഡ് രജിസ്റ്ററിൽ മുൻകൂർ തുക ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-14 |
| 16 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-15 |
| 17 | സംശയാസ്പദമായ കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് സൂക്ഷിച്ചിട്ടില്ല | 1-1-16 |
| 18 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-17 |
| 19 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. | 1-1-18 |
| 20 | ഇൻകം&എക്സ്പൻഡിച്ചർ അക്കൗണ്ട് പ്രകാരം മിച്ചതുക കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-19 |
| 21 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-20 |
| 22 | ഐ. എൽ. ജി. എം. എസ്. ലെഡ്ജറും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ഫണ്ട് വിനിയോഗം | 1-3 |
| 25 | പദ്ധതി അവലോകനം | 1-4 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 27 | ക്ഷേമ പദ്ധതികൾ | 1-6 |
| 28 | ക്യാഷ് പരിശോധന | 1-7 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 30 | പഞ്ചായത്തിന്റെ നികുതി,നികുതിയേതര വിഭവസമാഹരണത്തിന്റെ കാര്യക്ഷമത - അവലോകനം | 1-9 |

| | | |
|---|---|---|
| 31 | റേഷൻ കടകൾ ലൈസൻസ് എടുക്കാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു | 1-10 |
| 32 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല | 1-11 |
| 33 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 34 | സി.എസ്.ആർ/സി.ഇ.ആർ ഫണ്ട് വിനിയോഗത്തിലെ അപാകതകൾ | 1-13 |
| 35 | തൊഴിൽനികുതി നിർണ്ണയത്തിലെ അപാകതകൾ | 1-14 |
| 36 | മരം ലേലം അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 37 | തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല | 1-16 |
| 38 | വാർഷികകണക്കുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-17 |
| 39 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ പൂർത്തീകരണ വിവരവും, വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-18 |
| 40 | മെമ്പർ സെക്രട്ടറി, കുടുംബശ്രീ സി.ഡി.എസ് പാഞ്ഞാളിന് കൈമാറിയ ഫണ്ടുകൾ-പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല | 1-19 |
| 41 | ബാലസഭ പ്രവർത്തനങ്ങൾ- മാർഗ്ഗരേഖ നിർദ്ദേശത്തിനു വിരുദ്ധമായി അധിക തുക നല്കി | 1-20 |
| 42 | സമഗ്ര നെൽകൃഷി വികസന പദ്ധതി - പാടശേഖരങ്ങൾക്ക് നെൽ വിത്ത് വിതരണം നടത്തിയതിന്റെ വിതരണ സ്റ്റേറ്റ്മെന്റുകൾ മുഴുവനും പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-21 |
| 43 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തുക നൽകിയത് ചെലവു രേഖകളുടെ അഭാവത്തിൽ 24320 രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 44 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-23 |
| 45 | മരുന്ന് ലഭ്യമായില്ല | 1-24 |
| 46 | അധികം നൽകിയ തുക ക്രമീകരിക്കുന്നത് വരെ 12,600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 47 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ - അർഹത നഷ്ടപ്പെട്ടവരെ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കണം | 1-26 |
| 48 | കുടിവെള്ളപദ്ധതികളുടെ വിശദവിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-27 |
| 49 | ശ്രീപുഷ്കരം ചാത്തക്കുളം റോഡ് റീടാറിംഗ് പ്രവൃത്തി സമയം ദീർഘിപ്പിക്കൽ - അപാകങ്ങൾ | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30-06-2023 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 03-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2 .C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**തീയതി: 23.11.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ**

### 1-1-1 AIMS ലൂടെ സമർപ്പിച്ച വാർഷികകണക്ക്പത്രികകളിൽ ട്രയൽബാലൻസിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ILGMS ലെ ലെഡ്ജർ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്ത് AIMS ലൂടെ സമർപ്പിച്ച വാർഷികകണക്ക്പത്രികകളിൽ ട്രയൽബാലൻസിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ ILGMS ലെ ലെഡ്ജർ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | AIMS ലൂടെ സമർപ്പിച്ച വാർഷികകണക്ക്പത്രികകളിൽ ട്രയൽബാലൻസിന്റെ 31.3.23 ലെ നീക്കിയിരിപ്പ് | ILGMS ലെ 31.3.23 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1. | 110100101-Property Tax On Residential Buildings | 3388965 | 2475310 |
| 2. | 110100102 – Property Tax On Non-Residential Buildings | 2258103 | 3025931 |

| | | | |
|---|---|---|---|
| 3. | 110200101- Profession Tax - Institutions | 44100 | 3750 |
| 4 | .110200102 – Profession Tax - Employees | 2258720 | 1195400 |

| ക്രമ നമ്പർ | ശീർഷകം | AIMS ലൂടെ സമർപ്പിച്ച വാർഷികകണക്ക് പത്രികകളിൽ ട്രയൽബാലൻസിന്റെ മുന്നിരിപ്പ് | ILGMS ലെ മുന്നിരിപ്പ് |
|---|---|---|---|
| 1. | 310900101- Excess Of Income Over Expenditure | 39728385 | 15029466 |
| 2. | 311710101 – Endowments | ശീർഷകം ലഭ്യമല്ല. | 100000 |
| 3. | 310100101 – Panchayat Fund - General Fund | ശീർഷകം ലഭ്യമല്ല. | 2420560.5 |

**1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

(ഓഡിറ്റ് എൻക്വയറി നമ്പർ 19/11.9.2023)

**1-1-3 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 57,63,344 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3,19,43,071 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-4 ഒരു വർഷത്തോളം കാലമായി ബാങ്കിൽ സമർപ്പിച്ചിട്ടും പണമാക്കി മാറ്റാനാകാതെ (Cheque Deposited But Not Cleared) നിലനിൽക്കുന്നു**

ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared എന്നതിൽ ഒരു വർഷ കാലമായുള്ള തുകകൾ ഉൾപ്പെട്ടിരിക്കുന്നു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ – തനതു ഫണ്ട് - ഈ പേയ്മെന്റ് പാഞ്ഞാൾ അക്കൗണ്ട് നം.10536592185ന്റെ 31.03.23ലെ റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെ പറയുന്ന ചെക്കുകൾ ഒരു വർഷത്തോളം കാലമായി ബാങ്കിൽ സമർപ്പിച്ചിട്ടും പണമാക്കി മാറ്റാനാകാതെ (Cheque Deposited But Not Cleared) നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | രശീതി നമ്പർ/തിയതി | തുക |
|---|---|---|
| 1 | 1220000002/07.04.22 | 120 |
| 2 | 1220000003/08.04.22 | 120 |
| 3 | 1220000004/12.04.22 | 120 |
| 4 | 1220000006/18.04.22 | 2 |
| 5 | 1220000007/18.04.22 | 5 |
| 6 | 1220000008/18.04.22 | 120 |
| 7 | 1220000032/13.05.22 | 21 |
| 8 | 1220000033/14.05.22 | 21 |
| 9 | 1220000114/21.09.22 | 120 |
| 10 | 1220000115/23.09.22 | 2 |
| 11 | 122000116/24.09.22 | 15 |

മേൽ പട്ടികപ്പെടുത്തിയ തുകകൾ പണമാക്കി മാറ്റി ബാങ്ക് ബുക്കിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

**1-1-5 വാർഷിക കണക്ക് പ്രകാരമുള്ള പദ്ധതി ചെലവ് തുകകളും ഗ്രാന്റ് സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ആകെ ചെലവ് തുകകളും പൊരുത്തപ്പെടുന്നില്ല**

താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവുകളും വാർഷിക കണക്കുകളിലെ ചെലവുകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് (I-6, B-3 പ്രകാരം) | വ്യത്യാസം |
|---|---|---|---|
| CFC Tied | 32,21,525 | 29,74,213 | 2,47,312 |
| CFC Basic Grant | 21,65,513 | 21,50,166 | 15,347 |

**1-1-6 വസ്തു നികുതി തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**തൻവർഷം**

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1734465 | 1705649 | 30520 | 847 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1734465 | 1705026 | 30,178 | *848 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ)-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101- Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(890/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. സഞ്ചയ സോഫ്റ്റ്വെയറിലെയും വാർഷികകണക്കിലേയും കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.
2."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

**1-1-7 വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.**

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1164551 | 1163426 | 1795 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1164551 | 1163423 | 1195 | *0 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410104- Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(0/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. സഞ്ചയ സോഫ്റ്റ്‌വെയറിലെയും വാർഷികകണക്കിലേയും കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.
2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-8 വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 13109 | 7201 | 5914 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *5918 | 7201 | **5918 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (5324+890= 6214/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (6214/105X100)= |

1. സഞ്ചയ സോഫ്റ്റ്‌വെയറിലെയും വാർഷികകണക്കിലേയും ഡിമാന്റ്, ബാക്കി തുക എന്നിവ പൊരുത്തപ്പെടുന്നില്ല.
2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-9 വസ്തു നികുതി കുടിശ്ശിക നോൺ- റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 66 | 69 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 69 | 0 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(705500+178613=884113/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. സഞ്ചയ സോഫ്റ്റ്‌വെയറിലെയും വാർഷികകണക്കിലേയും ഡിമാന്റ് പൊരുത്തപ്പെടുന്നില്ല.
2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ

തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-10 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല.

**ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)**

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | റെസിഡൻഷ്യൽ | 88816 | 675 | 89491 | 87187 | 369 | 87556 | 1676 | | 43 | 300 | 343 |
| | നോൺ-റെസിഡൻഷ്യൽ | 58635 | 6 | 58641 | 58568 | 3 | 58571 | 96 | | 0 | 0 | 0 |
| | ആകെ | | | 148132 | | | 146127 | | | | | 343 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 147751 | | | 146168 | | | | 147408 | | | |
| | | 300+147451 = (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt . Cess/levies...... ലെഡ്ജർ 2022-23) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2022-23) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. ഡിമാന്റ്, കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 146168/- രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 146127/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 147408/- രൂപയാണ്. (വൗച്ചർ നമ്പർ – 42201239 തുക - 87,187 തീയതി 31.3.23, വൗച്ചർ നമ്പർ - 42201239 തുക - 58,568 തീയതി 31.3.23, വൗച്ചർ നമ്പർ - 42201242 തുക - 1,653 തീയതി 31.3.23)

## 1-1-11 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യുൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

## 1-1-12 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-13 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ 124 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101 - Property Tax On Residential Buiding” എന്ന ശീർഷകത്തിലേയും “110100102 -Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് പ്രതിമാസം നടത്തുന്നതിന് പകരം 31.03.2023 ൽ ഒറ്റതവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-14 ഡിമാൻഡ് രജിസ്റ്ററിൽ മുൻകൂർ തുക ക്രമീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

മുൻകൂർ ലഭിച്ച ഇനത്തിൽ തൊഴിൽ നികുതി, ലൈസൻസ് എന്നിവയിൽ ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള 31.3.2023 ലെ നീക്കിയിരിപ്പ് താഴെ ചേർക്കുന്നു. എന്നാൽ ഈ തുകകൾ ഏതെല്ലാം വർഷങ്ങളിലേക്ക് ഈടാക്കിയതാണ് എന്നതിന്റെ വിശദംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax Traders | 15,000 |
| 2 | ലൈസൻസ് | 350410301-Advance Collection Of Revenues-Licence Fees Factories, Traders, Entrepreneurs And Other Services | 33,500 |

## 1-1-15 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-16 സംശയാസ്പദമായ കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് സൂക്ഷിച്ചിട്ടില്ല

360100101 - Provision For Doubtful Receivables - Property Tax എന്ന ശീർഷത്തിൽ 3,099രൂപ ബാലൻസ് ഉണ്ട്. എന്നാൽ ടി പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ലഭ്യമായിട്ടില്ല.

## 1-1-17 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ
4. വാടക ഡിമാന്റ് രജിസ്റ്റർ
5. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-1-18 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ)-18) (ഐ)-19) എന്നിവ പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| **ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18, ഷെഡ്യൂൾ 1-19)** | **31.3.2023 ലെ ലെഡ്ജർ ബാക്കി** |
|---|---|
| 190100101 - Prior Period Income – Property Tax | 76,167 (431100102 -1503/-, 431100102- 7570/-, 431100104 - 72/- , 290500101 – 4050/- എന്നീ ശീർഷകങ്ങളിലേക്ക് ക്രമീകരിച്ചതിനു ശേഷം അവശേഷിക്കുന്ന തുക) |
| 190100102-Prior Period Income-Profession Tax -Institutions/ Professionals/Traders | -18,164 |
| 190200201 – Prior Period Income- License Fees | -64,967 |
| 290800101-Prior Period-Establishment Expenses | -640 |
| 290800201-Prior Period-Administrative Expenses | 4,000 |
| 290800501-Prior Period- Programme Expenses | 218031 |
| 290800201-Prior Period- Miscellaneous Expenses | -2,28,40,980 |

## 1-1-19 ഇൻകം&എക്സ്പൻഡിച്ചർ അക്കൗണ്ട് പ്രകാരം മിച്ചതുക കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 18,43,46,440 |
| ആകെ ചെലവ് (B) | | 19,31,28,453 |
| മിച്ചം തുക C= A-B | | (-)87,82,013 |
| Prior Period Income | 64,887 | |
| Prior Period Expenditure | (-)2,26,19,589 | |
| Net Difference Between Prior Period Income And Expenses (D) | | 2,26,84,476 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) = C + D | | 1,39,02,463 |

എന്നാൽ ഫോർമുല പ്രകാരം (I-18)- (I-19) എന്നും (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ D=-22,554,702 എന്നും E എന്നത് −8782013 ൽ നിന്നും -2,25,54,702 കുറച്ചപ്പോൾ ലഭിച്ച 1,37,72,689രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. 31/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരമാണ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റുന്ന തുക കണ്ടെത്തേണ്ടത്.

| | |
|---|---|
| 31/3/22 ട്രയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101 - Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -7474490 |
| കൂട്ടുക - Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D | 1,39,02,463 |
| 31.3.23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101 - Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പായി വരേണ്ട തുക | 6427973 |
| 31.3.23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101 – Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുക | 64,20,617 |

ഓഡിറ്റിന് ILGMS മൊഡ്യൂളിൽ ലഭ്യമാക്കിയ Income And Expenditure Account പ്രകാരം വരുമാനം, ചെലവ് എന്നിവയിൽ വ്യത്യാസമില്ലെങ്കിലും മിച്ച തുകയായി കണക്കാക്കിയിരിക്കുന്നത് 1,37,72,689 രൂപയാണ്. ഇതിലും ഗണിത ക്രിയയിൽ വ്യത്യാസം വന്നതായി കാണുന്നു. 31.3.23 ലെ ബാലൻസ്ഷീറ്റ് B1 ഷെഡ്യൂൾ പ്രകാരം 310900101 - Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പായി കണക്കാക്കി രേഖപ്പെടുത്തിയിരിക്കുന്ന തുകയും മേൽ പട്ടികപ്പെടുത്തി പോലെ വ്യത്യാസപ്പെട്ടിരിക്കുന്നു. പൊരുത്തക്കേടുകൾ വിശദീകരിക്കേണ്ടതാണ്.

### 1-1-20 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

### 1-1-21 ഐ. എൽ. ജി. എം. എസ്. ലെഡ്ജറും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കു പ്രകാരം താഴെ പറയുന്ന ശീർഷകങ്ങളുടെ വരവും ഐ. എൽ. ജി. എം. എസ്. ലെഡ്ജർ നീക്കിബാക്കിയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ശീർഷകം കോഡ് | ശീർഷകം | വാർഷികകണക്ക് R&P പ്രകാരം | ഐ.എൽ.ജി.എം.എസ്. ലെഡ്ജർ നീക്കിബാക്കി |
|---|---|---|---|---|
| 1. | 150100199 | Receipts From Sale Of Other Products | 11,794 | 0 |
| 2. | 150120103 | Receipts From Auction Of Obsolete Assets | 53,100 | 92,600 |
| 3. | 150120102 | Receipts From Sale Of Scraps/Empties And Waste Materials | 42,857 | 54,366 |

### 1-2 ബജറ്റ്

| | | |
|---|---|---|
| ബഡ്ജറ്റ് പാസാക്കിയ തീയ്യതി, കമ്മിറ്റി തീരുമാനം | 24.03.2022,തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 357950000 | 359745000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയ്യതി, കമ്മിറ്റി തീരുമാനം | 29.03.2023,തീരുമാനം നം.2 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | 248762593 | 253294410 |

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,74,42,000 | 1,74,42,000 | 1,66,70,015 | 7,71,985 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,08,40,000 | 1,08,40,000 | 84,42,095 | 23,97,905 |
| മെയിന്റനൻസ്, റോഡ് | 0 | 2,15,97,000 | 2,15,97,000 | 1,02,99,879 | 1,12,97,121 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 53,04,000 | 53,04,000 | 49,29,162 | 3,74,838 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied)(ബാങ്ക്) | 2,365 | 3067489 | 3069854 | 21,65513 | 904301 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied)(Treasury) | 0 | 500454 | 500454 | 0 | 500454 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(ബാങ്ക്) | 1638277 | 4383000 | 6021277 | 2974213 | 3047064 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(Treasury) | 0 | 791,321 | 7,91,321 | 2,20,890 | 5,70,431 |
| ജലനിധി | 3,46,510 | 3,341 | 3,49,851 | 2,40,000 | 1,09,851 |
| ശുചിത്വം | 13,33,964 | 0 | 13,33,964 | 6,53,680 | 6,80,284 |
| HEALTH GRANT (Wellness) | 0 | 1,08,244 | 1,08,244 | 0 | 1,08,244 |
| HEALTH GRANT (DIAGOSTIC Infrastructure To PHC) | 0 | 2,74,178 | 2,74,178 | 36,571 | 2,37,607 |
| RURAL HOUSING- | 5,005 | 10,383 | 15,388 | 0 | 15,388 |
| GRANTS, FUNDS & CONTRIBUTIONS FOR SPECIFIC PURPOSES GRANT FOR DRINKING WATER SCHEMES | 0 | 22,60,114 | 22,60,114 | 36 | 22,60,078 |
| Grant For Specific Purpose | | | | | |
| മറ്റു ഗവണ്മെന്റ് ഏജൻസിസ് | 1,278,485 | 24,94,767 | 37,73,252 | 24,55,588 | 1,317,664. |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ICDS | 704,391 | 1611113 | 2315504 | 1,000,000 | 1,315,504. |

സി എഫ് സി അൺ ടൈഡ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ലെഡ്ജർ പ്രകാരമുള്ള മുഴുവൻ വരവുകളും (ബാങ്ക് പലിശ + മറ്റു വരവുകൾ ) ഉൾപ്പെട്ടിട്ടില്ല.
സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. എന്നാൽ വാർഷികകണക്കിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത ചെലവ് തുക ഉൾപ്പെട്ടിട്ടില്ല. മേൽ പട്ടികയിൽ യഥാർത്ഥ വരവ് ചെലവുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ദീർഘകാലമായി ചെലവഴിക്കാതെ കിടക്കുന്ന ഫണ്ടുകൾ ആവശ്യമില്ലാത്ത പക്ഷം തിരികെ അടവാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാ-രം ലഭിച്ചത് (എണ്ണം) | അംഗീക-രിച്ച പദ്ധതി അടങ്കല് തുക | നടപ്പാക്കി-യത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയപ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 237 | 102644677 | 159 | 53472016 | 52.10 % | 67.08 % |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4 | 1645955 | 1645959 | 1645959 | 0 |
| ഗുണഭോക്താകൾക്ക് | 0 | 50547173 | 50547173 | 50547173 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| മെറ്റിരീയൽ കോസ്റ്റ് | 0 | 31274191 | 31274191 | 31274191 | 0 |
| **ആകെ** | **4** | **83467319** | **83467323** | **83467323** | **0** |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 464 | 53,41,600 |
| വിധവാപെൻഷൻ | 1262 | * |
| വാർദ്ധക്യകാലപെൻഷൻ | 2355 | 2,44,35,200 |
| വികലാംഗപെൻഷൻ | 368 | 40,51,800 |
| അവിവാഹിത പെൻഷൻ | 208 | 22,42,800 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 8 | 2,40,000 |

* ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 1262 പേർക്ക് പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിൽ (I – 6 )ചെലവ് തുക ഉൾപ്പെട്ടിട്ടില്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.09.2023 തീയതിയിൽ 3.10 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17756/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 പഞ്ചായത്തിന്റെ നികുതി,നികുതിയേതര വിഭവസമാഹരണത്തിന്റെ കാര്യക്ഷമത - അവലോകനം

### 1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

01-04-2022 മുതൽ 31-03-2023 വരെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 14 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പ്രകാരം 24.02.2023 ൽ കൂട്ടിച്ചേർക്കലുകൾ നടത്തിയ കെട്ടിടങ്ങൾ അളന്ന് തിട്ടപ്പെടുത്തി നികുതി വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി ക്യാമ്പ് സംഘടിപ്പിക്കൽ, നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗങ്ങൾ അവലംബിക്കൽ തുടങ്ങിയ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും, നികുതി കുടിശ്ശിക ഉള്ളവർക്കെതിരെ റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചതിനാലും തൻവർഷം 100% നികുതി പിരിവ് പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്രകാരം 100% നികുതി പിരിവ് പൂർത്തീകരിച്ചതിനാൽ 01.06.2022ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരമുള്ള കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി പിരിവ് സംബന്ധിച്ച വിഷയങ്ങൾ ഭരണസമിതി യോഗത്തിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യാറില്ലെങ്കിലും നികുതി പിരിവ് അവലോകനം നടത്തുന്നുണ്ടെന്നും, നികുതി പിരിവ് അവലോകനം ഗ്രാമസഭകളിൽ ചെയ്യാറില്ലെങ്കിലും നികുതികളും, ഫീസുകളും അടവാക്കുന്നതിനെ സംബന്ധിച്ച് ജനങ്ങൾക്ക് അറിയിപ്പ് നൽകുന്നുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് (01/05.09.23) മറുപടിയായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

### 2) വസ്തുനികുതി

വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച് നിരക്ക്,മേഖല,റോഡുകൾ എന്നിവ സംബന്ധിച്ച് കരട് ഉത്തരവ് പ്രസിദ്ധപ്പെടുത്തി ആക്ഷേപങ്ങൾ ക്ഷണിച്ചിട്ടുണ്ടെന്നും, അടുത്ത യോഗത്തിൽ അന്തിമമായി അംഗീകരിച്ച് വിജ്ഞാപനം ചെയ്യുന്നതാണെന്നും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പ്രകാരമുള്ള 5% വർദ്ധനവ് 2023-24 മുതൽ സോഫ്റ്റ്‌വെയറിൽ വരുത്തിയിട്ടുണ്ടെന്നും നിലവിൽ 5% വർദ്ധിപ്പിച്ച നിരക്കിലാണ് നികുതി പിരിവ് നടത്തുന്നതെന്നും അന്തിമവിജ്ഞാപനത്തിന് ശേഷം പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന്(01/05.09.23) മറുപടിയായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ പുതുക്കിയ നികതി വിവരങ്ങൾ സംബന്ധിച്ച അപ്ഡേഷൻ നടത്തിയിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല. ഇനിയും 24 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തേണ്ടതുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും

മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. എന്നാൽ പഞ്ചായത്തിലെ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടുണ്ട്.

**3) സേവന ഉപനികുതി**

സേവന ഉപനികുതി നിലവിൽ ഈടാക്കുന്നില്ലെങ്കിലും ആയത് ചുമത്തുന്നതിന് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമവിജ്ഞാപനത്തിന് ശേഷം സേവന ഉപനികുതി ഈടാക്കുന്നതാണെന്നും, വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കുള്ള സർവ്വീസ് ചാർജ്ജ് നിലവിൽ ഈടാക്കുന്നില്ലെന്നും 2023-24 സാമ്പത്തികവർഷം മുതൽ ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന്(01/05.09.23) മറുപടിയായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

**4) തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.എന്നാൽ ആയതിൽ പഞ്ചായത്ത് പരിധിയിലെ റേഷൻ വ്യാപാരികളുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ റേഷൻ വ്യാപാരികളെ കൂടി ഉൾപ്പെടുത്തി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**5) വിനോദനികുതി**

പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, വിനോദസഞ്ചാരസാധ്യതകൾ ഉള്ള സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ ഒരു ടർഫ് കോർട്ട് പ്രവർത്തിച്ചുവരുന്നുണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സിനിമ തിയറ്ററുകളൊന്നും പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ പഞ്ചായത്തിന് വിനോദനികുതി ഇനത്തിൽ വരുമാനമില്ല.

**6) നികുതിയേതര വരവുകൾ**

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കൃത്യമായി ഈടാക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

**(2) ലേലം, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന**

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിലവിലുണ്ട്. ആയതിലെ റൂമുകൾ വാടകയ്ക്ക് നല്കിയിട്ടുള്ളതാണ്. കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതു സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. മരാമത്തിൽ നിന്ന് ലഭിച്ച ഉപയോഗശൂന്യമായ മണ്ണ്, പാഴ് വസ്തുക്കൾ എന്നിവ ലേലം ചെയ്ത് മുതൽക്കൂട്ടിയത് പരിശോധിച്ചു. ആയവയുടെ ലേലം യഥാസമയം നടത്തിയിട്ടുണ്ട്. ആംബുലൻസ്, കാർഷികയന്ത്രങ്ങൾ തുടങ്ങിയവയിൽ നിന്നും പഞ്ചായത്തിന് വാടകയില്ല. നിഷ്ക്രിയ ആസ്തികളിൽ വാടക പോലുള്ള വരുമാനങ്ങൾ നേടിയെടുക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**(3) മറ്റിനങ്ങൾ**

നെൽവയലുകളാലും, കൃഷിയിടങ്ങൾകൊണ്ടും സമ്പന്നമായതിനാൽ ഫാം ടൂറിസത്തിനും, പൗരാണിക ക്ഷേത്രങ്ങളുടെയും,യാഗശാലകളുടെ സാന്നിധ്യംകൊണ്ട് പൈതൃക ടൂറിസത്തിനും സാധ്യതയുള്ള പ്രദേശമാണ് പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്. ധാരാളം സിനിമകൾക്ക് ലൊക്കേഷനായിട്ടുള്ള തൊഴുപ്പാടവും, വാഴാലിക്കാവും, സമീപത്തുള്ള ഭാരതപ്പുഴയും ടൂറിസത്തിനുള്ള മേഖലകളായി കണ്ട് ടൂറിസം വളർത്തുന്നതിനും ആയതിനെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ പഞ്ചായത്തിന് ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

## 1-10 റേഷൻ കടകൾ ലൈസൻസ് എടുക്കാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവയിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.2019 ലെ (സി.എസ്)എ9-764/2019 കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം

പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ 2022-23 സാമ്പത്തികവർഷത്തെ FACTEAOS ലൈസൻസ് രജിസ്റ്ററും, തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററും പരിശോധിച്ചപ്പോൾ റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ, തൊഴിൽനികുതി അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം ആയവ ലൈസൻസ് എടുക്കാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.16/11.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളുടെ എണ്ണം തിട്ടപ്പെടുത്തി ആയവയെ കൊണ്ട് തൊഴിൽനികുതി അടവാക്കേണ്ടതും, ലൈസൻസ് എടുപ്പിക്കേണ്ടതുമാണ്.

## 1-11 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 34 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | **Operator Pending** | **Operator Completed** | **Verifier Pending** | **Verifier Completed** | **Approver Pending** | **Approver Completed** | |
| 1 | ( 1 ) Painkulam Vadakkumuri | 601 | 0 | 601 | 0 | 601 | 0 | 601 | 0 |
| 2 | ( 2 ) Painkulam Centre | 560 | 0 | 560 | 0 | 560 | 0 | 560 | 0 |
| 3 | ( 3 ) Painkulam Kizhakkumuri | 554 | 0 | 554 | 0 | 554 | 0 | 554 | 0 |
| 4 | ( 4 ) Thozhuppadam Centre | 534 | 4 | 530 | 0 | 530 | 0 | 530 | 4 |
| 5 | ( 5 ) Thozhupadam Thekkumuri | 490 | 0 | 490 | 0 | 490 | 0 | 490 | 0 |
| 6 | ( 6 ) Keezhillam | 510 | 0 | 510 | 0 | 510 | 0 | 510 | 0 |
| 7 | ( 7 ) Kulamb | 566 | 0 | 566 | 0 | 566 | 1 | 565 | 1 |
| 8 | ( 8 ) Killimangalam Padinjattumuri | 482 | 0 | 482 | 0 | 482 | 1 | 481 | 1 |
| 9 | ( 9 ) Killimangalam Centre | 495 | 0 | 495 | 0 | 495 | 2 | 493 | 2 |
| 10 | ( 10 ) Uduvadi | 600 | 0 | 600 | 0 | 600 | 2 | 598 | 2 |
| 11 | ( 11 ) Cheragonam | 613 | 6 | 607 | 0 | 607 | 0 | 607 | 6 |
| 12 | ( 12 ) Parappuram | 577 | 4 | 573 | 0 | 573 | 0 | 573 | 4 |
| 13 | ( 13 ) Sreepushkaram | 592 | 9 | 583 | 0 | 583 | 0 | 583 | 9 |
| 14 | ( 14 ) Panjal | 506 | 1 | 505 | 0 | 505 | 0 | 505 | 1 |
| 15 | ( 15 ) Dalapathi | 531 | 4 | 527 | 0 | 527 | 0 | 527 | 4 |
| 16 | ( 16 ) Painkulam Thekkumuri | 450 | 0 | 450 | 0 | 450 | 0 | 450 | 0 |
| | Total | 8661 | 28 | 8633 | 0 | 8633 | 6 | 8627 | 34 |

ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാത്തതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.17/11.09.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

## 1-12 ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

**1) കന്നുകാലി ഫാം : 5 മൃഗങ്ങൾ**

**2) ആട് ഫാം : 20 മൃഗങ്ങൾ**

**3) പന്നി ഫാം : 5 മൃഗങ്ങൾ**

**4) മുയൽ ഫാം : 25 മൃഗങ്ങൾ**

**5) പൗൾട്രി ഫാം : 100 പക്ഷികൾ**

പൗൾട്രി/ലൈവ്സ്റ്റോക്ക് ഫാമുകളൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാത്തതിനാൽ ലൈവ്സ്റ്റോക്ക് ലൈസൻസ് ഇനത്തിൽ പഞ്ചായത്തിന് വരുമാനമൊന്നുമില്ല. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1. | നാരായണൻ, | XIV/242E | 79.35 | ലൈവ്സ്റ്റോക്ക് ഷെഡ് |
| 2. | പ്രകാശ്, | XV/317A | 208.64 | ലൈവ്സ്റ്റോക്ക് ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി ആണോ പ്രവർത്തിക്കുന്നത് എന്നതിന് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.20/12.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ലൈവ്സ്റ്റോക്ക് ഷെഡുകളിൽ ഫീൽഡ് പരിശോധന നടത്തി ലൈസൻസ് ബാധകമാണെങ്കിൽ ആയവയെ കൊണ്ട് ലൈസൻസ് എടുപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം 2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്നു പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

## 1-13 സി.എസ്.ആർ/സി.ഇ.ആർ ഫണ്ട് വിനിയോഗത്തിലെ അപാകതകൾ

2022-23 ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ ചുവടെ പറയുന്ന ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ക്വാറികൾ ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) താഴെ കാണും വിധം സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ നടത്താമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്.

| ക്രമ നം | വാർഡ്/സർവ്വേ നം. | സ്ഥാപനം/ഉടമ | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം | നടപ്പാക്കാനുദ്ദേശിക്കുന്ന സി.എസ്.ആർ/ സി.ഇ.ആർ പ്രവർത്തനങ്ങളുടെ തുക |
|---|---|---|---|---|
